# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.776 10.06.2019-ൽ മറുപടിയ്ക്ക്

### പ്രളയ നാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ പുനർനിർമ്മാണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി. | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പ്രളയ നാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനർനിർമ്മാണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (എ) | 2018 ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതും അടിസ്ഥാന സൗകര്യങ്ങളുടെ പുന:നിർമ്മാണം ആവശ്യമുള്ളതുമായ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 90 കോളനികളെ പുനർനിർമ്മാണപ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഏജൻസികളിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്നതിലുണ്ടായ കാലതാമസംമൂലവും ലോക്സഭാ ഇലക്ഷന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാലും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ